# 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

249/2013.

## ഉള്ളടക്കം

*പേജ്*

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി XIV

### ആഭ്യന്തരകാര്യങ്ങൾ

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ
ശ്രീ. പി. സി. ജോർജ്
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. സി. ദിവാകരൻ
ശ്രീ. മാത്യു റ്റി. തോമസ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. രമേശ് ചെന്നിത്തല
ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

## 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 185), കമ്മിറ്റി ഖണ്ഡംഖണ്ഡമായി പരിഗണിച്ച തനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ 2013 ഫെബ്രുവരി 2-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2013 ഫെബ്രുവരി 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2013 ഫെബ്രുവരി 14-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.

തിരുവനന്തപുരം,
2013 ഫെബ്രുവരി, 14.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

## MINUTES OF DISSENT

We record the following minutes of dissent to the report of the Subject Committee on the Kerala Advocates' Clerks Welfare Fund (Amendment) Bill, 2013.

Certain measures for the welfare of the Advocates Clerks are not included.

| | |
|---|---|
| K. Suresh Kurup | (Sd.) |
| Mathew T. Thomas | (Sd.) |

# 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത്പ്രകാരമുള്ളത്)

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2013 ജനുവരി 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 3-ാം വകുപ്പ് 2004 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പ് 2010 നവംബർ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 5-ാം വകുപ്പ് 2011 നവംബർ 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 6-ാം വകുപ്പ് 2012 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2012 ആഗസ്റ്റ് 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ആണ്.

2. 14-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ആറു രൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾക്ക് പകരം, "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിന് പകരം ഇനി പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ഓരോ അംഗവും ഫണ്ടിലേക്ക് വാർഷിക വരിസംഖ്യയായി ആയിരത്തി ഇരുന്നൂറ് രൂപ നൽകേണ്ടതും ആയത് മൊത്തമായി നൽകുന്നപക്ഷം

എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ നൽകേണ്ടതും അല്ലാത്തപക്ഷം മൂന്ന് തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികളിലോ അതിനുമുൻപോ നൽകേണ്ടതുമാണ് :

എന്നാൽ മേൽപ്പറഞ്ഞപ്രകാരം മൊത്തമായോ ഗഡുക്കളായോ നിശ്ചിത സമയത്തിനകം വരിസംഖ്യ അടയ്ക്കുന്നതിന് വീഴ്ചവരുത്തുന്ന അംഗങ്ങൾ അപ്രകാരം വീഴ്ച വരുത്തിയ കുടിശ്ശിക തുക പന്ത്രണ്ട് ശതമാനം പലിശസഹിതം ഡിസംബർ 31-ാം തീയതിയിലോ അതിനുമുൻപായോ അടയ്ക്കേണ്ടതാണ്.

(5എ) നിലവിലുള്ള ഓരോ അംഗവും 2004 ഏപ്രിൽ 1-ാം തീയതി മുതൽ 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 57) ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയായ 2010 നവംബർ 26-ാം തീയതിവരെയുള്ള കാലയളവിൽ അടയ്ക്കേണ്ടിയിരുന്ന വാർഷികവരിസംഖ്യയുടെ കുടിശ്ശിക 2010 ഡിസംബർ 31, 2011 ജൂൺ 30, 2011 ഡിസംബർ 31 എന്നീ തീയതി കൾക്കുമുൻപായി മൂന്ന് തുല്യഗഡുക്കളായി അടയ്ക്കേണ്ടതാണ് :

എന്നാൽ 2011 ഡിസംബർ 31-ാം തീയതിയിൽ ഏതെങ്കിലും ഗഡു കുടിശ്ശിക വരുത്തിയവർ അങ്ങനെയുള്ള കുടിശ്ശിക തുക, കുടിശ്ശിക വരുത്തിയ തീയതി മുതൽ പന്ത്രണ്ടു ശതമാനം പലിശസഹിതം ആറ് എണ്ണം വരെ ആകാവുന്ന തുല്യ ഗഡുക്കളായി 2012 സെപ്റ്റംബർ 30-ാം തീയതിക്കുമുൻപായി അടയ്ക്കേണ്ടതാണ്.";

(ii) (6)-ാം ഉപവകുപ്പിൽ "ജൂൺ 30-ാം തീയതിക്കുമുൻപ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഡിസംബർ 31-ാം തീയതിക്കുമുൻപ്" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) അംഗത്വം അവസാനിപ്പിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേക്ക് പുനഃപ്രവേശനത്തിന് അർഹതയുണ്ടായിരി ക്കുന്നതല്ല.".

5. 26-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിൽ നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത പദ്ധതിയുടെ എല്ലാവിധ ആസ്തികളും ബാദ്ധ്യതകളും ഈ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.".

6. 27-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിൽ "ഇരുപത് ശതമാനം" എന്ന വാക്കുകൾക്കുപകരം "മുപ്പതുശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2013-ലെ 15) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് മുഖേന ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് മുഖേന ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഫെബ്രുവരി, 14.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*